Santhigiri

ഗുരുവാണി

"സകലതും കണ്ടുപിടിച്ച ഋഷിമാരുടെ സങ്കേതമാണ് ഇന്നു കാണുന്ന കർമ്മശേഷി. ഇന്നത്തെ പോലുള്ള ലബോറട്ടറി സമ്പ്രദായങ്ങൾ ഒന്നും കൂടാതെ തന്നെ കണ്ടുപിടിക്കപ്പെട്ട മരുന്നിന്റെ ഉത്പാദക സ്വഭാവം തന്നെ അതിനുദാഹരണം. "

# ഉമ്മിണിതങ്കം

VOL 05 | ISSUE 22 | 2019 ജൂൺ 02 | 1194 ഇടവം 19

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# ശാന്തിഗിരി ആതുരസേവന പ്രവർത്തനങ്ങൾ തെലങ്കാനയിലും ഗുജറാത്തിലും

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരിയിലെ ആതുരസേവന പ്രവർത്തന രംഗങ്ങൾ വിവിധ സംസ്ഥാനങ്ങളിൽ വിപുലപ്പെടുത്തു ന്നു. തെലങ്കാന, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിലെ പ്രവർത്തനങ്ങളാണ് ഇപ്പോൾ വ്യാപിപ്പിക്കുന്നത്. തെലങ്കാനയിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രി ഈട്ടല രാജേന്ദ്രറുമായി സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി ചർച്ച നടത്തി. പഞ്ചഗുട്ടയിലുള്ള ശാന്തിഗിരി ആയുർവേദ ആന്റ് സിദ്ധ ആശുപത്രി മന്ത്രി സന്ദർശിക്കുകയും ചികിത്സ നടത്തുകയും ചെയ്തു. സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ആയുർവേദ ആശുപത്രികളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് സൗകര്യം നൽകാമെന്ന് അദ്ദേഹം അറിയിച്ചു. കൂടാതെ തെലങ്കാനയിലുള്ള ബാങ്ക് ഓഫ് ബറോഡ ബ്രാഞ്ചുകളിൽ എല്ലാമാസവും ശാന്തിഗിരി ആശുപത്രിയിൽ നിന്നുള്ള എക്സിക്യൂട്ടീവ് ചെക്കപ്പ് നടത്തുന്നതിന് ബാങ്ക് അധികൃതരുമായി ധാരണയായി.



തെലങ്കാന ആരോഗ്യമന്ത്രി ഈട്ടല രാജേന്ദ്രറിനെ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി സന്ദർശിച്ചപ്പോൾ



ഗുജറാത്ത് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജീവ് ഗുപ്തയെ സ്വാമി ഭക്തദത്തൻ ജ്ഞാനതപസ്വി സന്ദർശിച്ചപ്പോൾ

ഗുജറാത്തിൽ സ്വാമി ഭക്തദത്തൻ ജ്ഞാനതപസ്വി, ഡൽഹി സോണൽ ഓഫീസ് ഡെപ്യൂട്ടി ജനറൽ മാനേജർ ഡോ. കിരൺ, എസ്.എച്ച്.ആർ.ഒ അസി. ജനറൽ മാനേജർ ഹരീഷ് ആർ എന്നിവരടങ്ങുന്ന സംഘം സംസ്ഥാന അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജീവ് ഗുപ്തയുമായി ശാന്തിഗിരിയുടെ ആതുരസേവന പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച നടത്തി. ലോകത്തിലെ ഏറ്റവും വലിയ പ്രതിമയായ വഡോദരയിലെ ഏകതാ പ്രതിമാ പരിസരത്ത് ശാന്തിഗിരി വെൽനസ്സ് സെന്റർ സ്ഥാപിക്കാൻ ഗവൺമെന്റിന്റെ ക്ഷണം ലഭിച്ചിട്ടുണ്ട്.

ഗുരുവിന്റെ നവ ആരോഗ്യ ധർമ്മ സിദ്ധാന്തത്തിന്റെ പ്രയോക്താക്കളായ ശാന്തിഗിരി ഹെൽത്ത് കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷന്റെ പ്രവർത്തനരംഗം ലോകമെമ്പാടും വ്യാപിച്ചുവരികയാണ്. നിലവിൽ 34 ആശുപത്രികളും 9 ഒ പി ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു. കൈനകരിയിൽ പ്രവർത്തിക്കുന്ന ഹെറിറ്റേജ് കൂടാതെ കേരള ടൂറിസം ഡെവലപ്മെന്റ് കോർപറേഷനുമായി ചേർന്ന് 6 സ്ഥലങ്ങളിൽ ഹെൽത്ത് കെയർ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ബിലിവേഴ്സ് ചർച്ച്, വി.കെ.എൽ തുടങ്ങിയവരുമായി സഹകരിച്ച് ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്.



മെയ് 30ന് കേന്ദ്രമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത വി.മുരളീധരനെ ശാന്തിഗിരി ആശ്രമം ന്യൂഡൽഹി സോണൽ ഓഫീസ് ഇൻചാർജ് സ്വാമി ഭക്തദത്തൻ ജ്ഞാനതപസ്വി, ഡെപ്യൂട്ടി ജനറൽ മാനേജർ ഡോ.കിരൺ എന്നിവർ സന്ദർശിച്ച് ആശംസയർപ്പിക്കുന്നു

# ശാന്തിഗിരി വിദ്യാഭവനിൽ ജൂൺ 6ന് പ്രവേശനോത്സവം

**എജ്യുക്കേഷൻ സോൺ:** നവാഗതരായി എത്തുന്ന കുഞ്ഞുങ്ങളെ വരവേൽക്കാൻ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ ജൂൺ 6ന് പ്രവേശനോത്സവം സംഘടിപ്പിക്കുന്നു. എൽ.കെ.ജി. വിഭാഗത്തിലേക്കാണ് നൂറു കണക്കിന് വിദ്യാർത്ഥികൾ പ്രവേശനം നേടുന്നത്. പുതിയ യൂണിഫോം അണിഞ്ഞ് വിവിധ വർണ്ണങ്ങളിലുള്ള കുട ചൂടി സ്കൂൾ ബാഗും തൂക്കി എത്തുന്ന കൂട്ടുകാരെ സ്വീകരിക്കാൻ സ്കൂളിൽ തയ്യാറെടുപ്പുകൾ പൂർത്തിയായി വരുന്നു. പ്രവേശനോത്സവത്തിൽ നിരവധി



വിശിഷ്ടവ്യക്തികൾ പങ്കെടുക്കും. പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും ഉന്നത വിജയം നേടിയവരെ ചടങ്ങിൽ അനുമോദിക്കും. 90 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് മൊമന്റോയും ക്യാഷ് പ്രൈസും നൽകും. രക്ഷിതാക്കൾക്കുള്ള ബോധവത്കരണ ക്ലാസ്സും സംഘടിപ്പിച്ചിട്ടുണ്ട്. പ്രവേശനോത്സവത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ സ്കൂളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കും.

ചിട്ടയായ പരിശ്രമം കൊണ്ട് മികവിന്റെ കേന്ദ്രമായി മാറിയ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ എൽ.കെ.ജി. മുതൽ പ്ലസ്ടുവരെ ക്ലാസ്സുകളുണ്ട്. ഇംഗ്ലീഷ് പഠന ക്ലാസ്സ്, നാടക പഠനം, കലാകായിക പ്രവർത്തനങ്ങൾ, വ്യാവസായിക ക്ലബ്, റോബോട്ടിക്സ് ലാബ് ഉൾപ്പെടെ വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിനുള്ള വിവിധ പദ്ധതികൾ സ്കൂളിൽ ആവിഷ്കരിച്ചു വരുന്നു.

# ഗുരുവാണി

ഒരു ആശ്രമം എന്നുപറയുമ്പോൾ അതിനൊരു ആശയംവേണം. പല സിദ്ധാന്തമതങ്ങളും പ്രവാചകമതങ്ങളും പലവിധത്തിലുള്ള വേദാന്തപരിപാടികളും പലേടത്തായി വന്നിട്ടുണ്ട്. ഇതൊന്നും ഒരുമിച്ചു പകർത്താനും എടുക്കാനും ഒക്കാത്തതാണ്. ആദിയിലുണ്ടായിരുന്ന അറിവിന്റെ കുറവും അതിലെ നന്മതിന്മകളും തിരിച്ചറിഞ്ഞിട്ട് കൊണ്ടുപോകാൻ ഇതൊന്നും പോരാ. പിതൃവിനെയും ദേവനെയും ഋഷിയെയും സന്ന്യാസിയെയും തമ്മിൽ തിരിച്ചറിയാതെ യോഗനില, വിദ്യാനില, ധനനില എന്നിവയെ തിരിച്ചറിയാതെ സ്ഥാപിച്ചുപോയ ഒരബദ്ധത്തിന്റെ ബാക്കിയാണിതൊക്കെ. പുതിയ അറിവെന്നു പറഞ്ഞ് ചുമന്നുകുത്തി കാട്ടാളവർഗത്തിലേക്ക് തിരിച്ചുകൊണ്ടു പോകത്തക്ക ഒരറിവാണ് ഇന്നു നമുക്കുള്ളത്. ഇതിനെ മാറ്റംചെയ്യാൻ ഒരു ആശ്രമസ്വഭാവത്തിനു കഴിയണം. അതിന് നിങ്ങളുടെ വിശ്വാസവും സ്നേഹവും ആദരവും വിനയവും ഒരുമിപ്പിക്കാനുള്ള ഒരു കർമമാണു വേണ്ടത്.

എന്താണു വിശ്വാസം എന്നുപറയുന്നത്? വിശ്വാസമെന്നു പറയുന്നത് നമ്മുടെ അമ്മയോടും അച്ഛനോടും ഭാര്യയോടും ഒരു വിശ്വാസമുണ്ട്. അത് നേരെയാക്കുക. അതു നേരെയാകുമ്പോൾ നമ്മുടെ നാട്ടിലുള്ളതൊക്കെ നേരെയാകും. പക്ഷേ, നാട്ടിലുള്ളതൊക്കെ നേരെയാകും, വീട്ടിലുള്ളതൊന്നും നേരല്ല എന്ന രീതിയിൽ പുറത്തെ ഗന്ധങ്ങളെ നോക്കിനടന്ന് ചില കാപാലികസമ്പ്രദായങ്ങളിൽ ജീവിച്ചുപഠിച്ച നമുക്ക് എന്തുഗുണമുണ്ടാകും? ഇതിൽനിന്ന് നമ്മൾ എങ്ങനെ കരകയറും? അനേകവിധത്തിൽ ദൈവാരാധന നടത്തി കൊട്ടും പാട്ടും ബഹളവും ആദരവും കാണിച്ച് ഒരു നർമതുല്യമായ ജീവിതത്തിന്റെ ഉടമയായിത്തീരുക മാത്രമാണ് ഈ കാട്ടാളസ്വഭാവത്തിലൂടെ സാധിച്ചിരിക്കുന്നത്. ഇങ്ങനെ ഓരോന്നും എടുത്തുനോക്കുമ്പോൾ നമ്മുടെ കയ്യിൽ വന്നിരിക്കുന്ന വക എന്താണ്? ഒരു വിധത്തിലും നന്നാകാനാവാത്ത വക.

എന്നാൽ എളുപ്പപ്പെട്ട വഴി ദൈവമായിട്ടു കൊണ്ടുവന്നു. ഉദാഹരണമായി കൃഷ്ണന്റെ ജനനം. ജനനത്തിനുമുമ്പ് രാജാവിന് അറിവുകൊടുത്തു. പക്ഷേ ആ അറിവ് അങ്ങനെയങ്ങു വിശ്വസിക്കാൻ പണ്ഡിതന്മാരും സമകാലികരും സമ്മതിച്ചില്ല. മുമ്പുനടന്ന രീതിക്കുതന്നെ പോകാൻ തീരുമാനിച്ചു. അതുകൊണ്ടെന്തു പറ്റി, ആ മഹാന് ഇന്ത്യക്കകത്തുനിന്ന് ജീവിക്കാൻ കൂടി കഴിഞ്ഞില്ല. അവസാനം അതെവിടെയോ പോയി. അവിടെത്തന്നെ ആ ജീവിതമങ്ങ് ഒടുങ്ങി.

ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്ര നാലാംപാദത്തിൽ ജനിച്ച ശൂദ്രൻ വളർന്ന്, ബ്രാഹ്മണനുംകൂടി മോചനം നേടത്തക്ക എല്ലാ അറിവുകളും കൊടുക്കത്തക്ക വിധത്തിൽ എത്തിച്ചേരുകയാണ്. ഇതാണ് യഥാർത്ഥ വർണാശ്രമധർമം എന്ന അറിവുപകരാൻ ഒരു സന്ന്യാസിക്കും കഴിഞ്ഞില്ല. അത് അവരുടെ കുറ്റമല്ല. ഈ സന്ന്യാസിമാർ ഇന്നുവരെ അറിഞ്ഞിരിക്കുന്ന കാര്യങ്ങൾ ദൈവം പ്രത്യക്ഷപ്പെട്ട് ഇങ്ങോട്ടുവന്ന് കുറെപ്പേരെ അടിച്ചുകൊന്നു, മറ്റു കുറേപ്പേരെ നന്നാക്കി എന്നൊക്കെയുള്ള അറിവുകേടാണ്. അമ്മ മക്കളെ പറഞ്ഞു പഠിപ്പിക്കുന്നതെന്താണ്? മക്കളേ അങ്ങനെ ചെയ്യരുതേ, നിന്റെ അച്ഛൻ കൊന്നുകളയും. ഈ നിലയിൽ ആണും പെണ്ണും വളർന്നു വന്നതിന്റെ ഒരു ഭാഷയാണു നമ്മൾ ഓരോരുത്തരും.

ഇതിന് നമുക്കിവിടെ ഒരു എളുപ്പവഴിയുണ്ട്. അതു ദൈവം തന്നതാണ്. ആ വഴി ഒരു പ്രത്യേകരീതിയിലാണു കെട്ടിപ്പടുക്കുന്നത്. അതിതാണ്. നമ്മുടെ പൂർവികർ ഏതിനെയെല്ലാം ആരാധിച്ചുപോയോ അതിനെല്ലാം മുക്തി കൊടുക്കത്തക്കവിധത്തിൽ കുട്ടികളെ വളർത്തുന്ന ഒരു പാത കെട്ടിപ്പടുക്കുകയാണ്. ത്രേതായുഗവും ദ്വാപരവും കടന്നുപോയ ജനങ്ങളുടെ കർമഗതിയെ ദൈവമായിട്ട് നിങ്ങൾക്കു കാണിച്ചു തരികയാണ്. ഈ ഭൂലോകസിദ്ധാന്തത്തിൽ എന്ത് അബദ്ധം വന്നു, ആ അബദ്ധം എങ്ങനെയൊക്കെ പ്രവർത്തിച്ചു പോയിരിക്കുന്നു - ഇതും നിങ്ങൾക്കു കാണിച്ചു തരികയാണ്. അവതാരപുരുഷൻ എന്നും മറ്റു അനുയായികൾ എന്നുമൊക്കെ പറഞ്ഞിട്ട് തിരിഞ്ഞുപോയ നമ്മുടെ വഴിയെ തിരിച്ചെടുക്കാൻ നമുക്കൊരു പ്രയോഗം തരുകയാണ്. ഇതെല്ലാം നമ്മൾ ജീവിച്ചിരിക്കുമ്പോൾത്തന്നെ സത്യമായിട്ടു കാണുകയാണ്. ഇത് ജാഗ്രത്‌സ്വപ്നസുഷുപ്തികളിലാണു വരുന്നത്. ഈ വരുന്നതിൽ അബദ്ധവും സുബദ്ധവുമുണ്ട്. ഇങ്ങനെ വരുന്ന അബദ്ധസുബദ്ധങ്ങളെ തിരിച്ചെടുക്കാൻ അനുഭവസ്ഥനായ ഒരു ഗുരുവെ കിട്ടണം. പക്ഷേ കിട്ടിയാൽത്തന്നെ എത്ര കാലത്തേക്ക് നിങ്ങൾക്കത് ഉതകും? ഇവിടത്തെ അനുഭവംതന്നെ ദൃഷ്ടാന്തം. വളരെ വളർന്നെത്തിയ എത്രയോ മക്കൾ ഇവിടെ ഉണ്ടായി. അവരെക്കൊണ്ടിതെടുക്കാൻ കഴിഞ്ഞില്ല. മറ്റൊരാളെ ആ നിലയ്ക്ക് ശീലിപ്പിക്കാനും കഴിഞ്ഞില്ല. അഥവാ എന്തെങ്കിലും കിട്ടിയാൽത്തന്നെ അവരുടെ ബുദ്ധിയിൽ ആലോചിച്ച് അത് ഇല്ലാതാക്കും. അങ്ങനെ ഒന്നുംചെയ്യാൻ വയ്യാത്തനിലയിൽ എത്തിയിരിക്കുകയാണ്.

## വചനദീപ്തി

*ഈശ്വരൻ നമ്മുടെ സംരക്ഷകനാണ്. ഞാൻ ഈശ്വരന്റെ അടിമയാണ്.*

**ശ്രീഷിർദ്ദി സായി ബാബ**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

05.06.2019 – കരുണപുരം

## യാമപ്രാർത്ഥന

2019 ജൂൺ 06 :– 12 AM- 03 AM

## എല്ലാവരുടെയും സ്വത്തായ മധുരഖനി

**പ്രകാശപഥം**

അവധൂതൻ പറയുന്നു:"ഒരു നല്ല മനുഷ്യൻ, ഹാ! എന്തു ഘനം! എന്തു പുണ്യം! വാക്കാണു സത്യം, സത്യമാണു ഗുരു, ഗുരുവാണു ദൈവം..." അങ്ങു ദൈവമാണെന്നും ഗുരുവാണെന്നും സത്യമാണെന്നും എല്ലാമാണെന്നും തിരിച്ചറിയുന്ന അനുഭവങ്ങളുടെ (അനുഭൂതികൾ) വേലിയേറ്റങ്ങളും വേലിയിറക്കങ്ങളും അശരീരിയിൽക്കൂടിയും സചേതനമായിരിക്കുന്ന വകയിൽക്കൂടിയും പ്രകാശധാരയിൽക്കൂടിയും തിരിച്ചറിയുന്നു. ആ സൂക്ഷ്മതലങ്ങളിൽ എത്തിനിന്നുംകൊണ്ട് പ്രവർത്തിച്ചൊതുക്കുന്ന അനുഭവത്തിന്റെ വശം അനേകവിധത്തിലുള്ള അന്തരീക്ഷ മലിനീകരണങ്ങളുടെ സ്വഭാവത്തെയും അതിൽ വിലസുന്ന അനന്തകോടി ജീവാത്മാക്കളുടേയും ആത്മശുദ്ധിക്കു കാരണമാകുന്നു.

ദൈവത്തിന്റെ മുഖാമുഖങ്ങൾ ഗുരു എന്ന സാക്ഷിരൂപത്തിൽക്കൂടി തിരിച്ചറിവിന്റെ ഭാഗത്തുനിന്ന് പ്രവർത്തിച്ച് മനുഷ്യരാശിയുടെ എല്ലാ സിദ്ധാന്തവാദങ്ങളേയും പൊട്ടിച്ച് ജീവരേണുക്കളെ പ്രവർത്തിച്ചൊതുക്കുന്ന സൂക്ഷ്മതലങ്ങളിൽ നിത്യവും വിലസുന്ന വിലാസഭംഗിയുടെ സത്ത് മറ്റൊരാളുമായി വിവരിക്കാനോ അതിന്റെ വർണ്ണനാസ്വഭാവം വർണ്ണിക്കാനോ കഴിയാത്ത ഒന്നായിമാറുന്നു. ആ ഒന്നിൽ സകലവിധ സന്നിധാനങ്ങളും കടന്നു വന്ന ദൈവനിയോഗത്തിന്റെ അനുഭവസിദ്ധാന്തം യുഗധർമത്തിന്റെ പുണ്യാതിരേകമായി നിൽക്കുന്ന ബ്രഹ്മനിശ്ചയം, ആ നിശ്ചയം എന്താണെന്ന് ജാഗ്രത്തിലും സ്വപ്നത്തിലും സുഷുപ്തിയിലും തുരീയത്തിലും അറിയുന്ന അനുഭൂതി, അത് ഗുരുശിഷ്യബന്ധത്തിൽക്കൂടി പങ്കുവെക്കുന്ന ശാസനയുടേയും സ്നേഹവായ്പുകളുടേയും, രക്ഷിതാവെന്നു തോന്നുന്നവണ്ണം ഒരേ സമയത്ത് ഒന്ന് മറ്റൊന്നിലേക്ക് പോകുന്നതുപോലെ, അനുസ്യൂതം പകരുന്ന ഈ കനിവ് എല്ലാ പാത്രങ്ങളിലും ഒന്നുപോലെയെത്തി വ്യാപിച്ച് അത് ലോകത്ത് എന്നെന്നേക്കുമായി പ്രവർത്തിച്ചേത്തേണ്ട ഭാഗത്ത് എല്ലാവരും ഒന്നുപോലെ വണങ്ങി നിൽക്കുന്ന സാക്ഷിരൂപത്തിന്റെ നിത്യവെളിച്ചമായി മാറുന്നു. അതാണ് അങ്ങ് എന്നു തിരിച്ചറിയുന്നു. അങ്ങയുടെ വരവും അതിൽക്കൂടി അവിരാമമായൊഴുകുന്ന യുഗധർമത്തിന്റെ പൊരുളുകളും അതിന്റെ നീതിന്യായവശങ്ങളും കണ്ട് അനുഭവിച്ചറിഞ്ഞുപോകുമ്പോൾ നീയാണെല്ലാമെന്നും നിന്നിലാണെല്ലാമെന്നും മനസ്സിലാവുന്നു. അവിടെയാണ് കരുണാവാൻ നബി മുത്തുരത്നമോ എന്നും അതിമാനസതേജസ്സെന്നും അനവധി മഹാൻമാർ അങ്ങയെ പാടിപ്പുകഴ്ത്തുകയും അങ്ങയുടെ എല്ലാ ജന്മാന്തരപ്പടവുകളുടെയും സഞ്ചയത്തിലും സഞ്ചാരരീതികളിലും ബ്രഹ്മം അങ്ങയെ കാത്തുരക്ഷിക്കുന്നുവെന്നും ശിഷ്യൻ സചേതനമായ കണ്ണുകൾകൊണ്ട് തിരിച്ചറിയുന്ന അനുഭവം ആദിവേദപ്പൊരുളുകളിൽ വണങ്ങി വിലസി നിൽക്കുന്ന കർമത്തിന്റെ നിയന്താവായി കാണുന്നു.

കണ്ടറിഞ്ഞു പ്രവർത്തിച്ചൊതുക്കുന്ന പാതയിൽ ഗുരുവിന്റെ മഹിമാതിരേകം കനിവിന്റെ സ്വയംഭൂവായി മാറുകയും അതെല്ലാവരുടേയും സ്വന്തമായും സ്വത്തായും മാറുന്ന കനിവിന്റെ മധുരഖനിയായി മാറുന്നു. അത് വേണ്ടുവോളം ആവശ്യമാം വണ്ണം എല്ലാവർക്കും എല്ലായ്പ്പോഴും എടുത്ത് കരുതലായി സൂക്ഷിക്കാനുള്ള വഴിയായി ബ്രഹ്മത്തിന്റെ കരുതലായി അങ്ങയുടെ വരവായി ഈ ലോകത്ത് എന്നല്ല എല്ലാ ഭൂമികകളിലും അഴകായി ഊർജ്ജമായി ഒഴുകി നിൽക്കുന്നു. ആ അങ്ങയെ കണ്ട് എല്ലാവരും നമിക്കാനും, എല്ലാവിധ ദുരിതനിവാരണത്തിനും ശാന്തിക്കും അങ്ങ് ബ്രഹ്മത്തിന്റെ പുതിയ വെളിച്ചമായി നിർമലതത്വമായി വിളങ്ങിനിന്ന് എല്ലാവരെയും രക്ഷിക്കുന്നു. ആ രക്ഷയിൽ നമുക്കോരോരുത്തർക്കും പങ്കുചേരാൻ കഴിയുന്ന ഭാഗ്യമായിത്തന്നെ നിന്ന് ഭാഗ്യത്തിന്റെ മുദ്ര പതിപ്പിക്കുന്നു.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

## ജീവന്റെ കർമ്മഗതി

പ്രപഞ്ചത്തിന്റെ മഹാസത്യം ലോകത്തിനു വെളിപ്പെടുത്തിയ മഹാഗുരു വന്നു ജനിച്ചത് നമ്മളോടൊപ്പം. അറിവില്ലാത്തവരാണെങ്കിലും അതു നമ്മുടെ ഭാഗ്യം. അനേകയുഗങ്ങൾ താണ്ടി വന്നിരിക്കുന്ന മനുഷ്യസംസ്കാരം ഇനി അനേക മന്വന്തരങ്ങൾ കടന്നു പോകാനുണ്ട്. ഈ അനന്തദീർഘമായ കാലത്തിന്റെ ദീർഘദർശിത്വം നമ്മളിൽ എത്തിക്കാൻ ശ്രമിച്ചപ്പോൾ അത് നമുക്ക് മനസ്സിലായില്ല. അതുകൊണ്ട് ഗുരു നമ്മളോടു പറയുമായിരുന്നു, 'എനിക്കു നിങ്ങളോട് ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. നിങ്ങൾക്കത് ഗ്രഹിക്കാനാവില്ല. അതുകൊണ്ട് ഞാൻ പറയുന്നില്ല.' ഇതേ കാര്യം തന്നെ രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ക്രിസ്തുദേവനും നമ്മളോടു പറഞ്ഞു. ഇങ്ങനെ ദീർഘദർശനങ്ങളുടെ നൈരന്തര്യം ഉണ്ടായിട്ടും ദീർഘദർശിയുടെ പാതയിൽ എത്തിപ്പെടാത്തവരാണ് നമ്മൾ. പക്ഷേ ഗുരു നമ്മെ വിടാൻ ഭാവമില്ല.ഗുരുവിന്റെ അറിവിന്റെ പാതയിൽ, അറിവിന്റെ മണ്ഡലത്തിൽ നമ്മളെ എത്തിച്ചതിനു ശേഷമേ ഗുരു വിശ്രമിക്കൂ എന്ന് ദൃഢവ്രതം എടുത്തിരിക്കുന്നതുപോലെ. നമ്മൾ എന്നാൽ ഈ ലോകത്തെ ആകമാനം എന്നർത്ഥം. ഗുരുവിന്റെ ത്യാഗത്തിന്റെ തൂക്കം മനസ്സിലാക്കുകയും അതു മറ്റുള്ളവർക്ക് പകർന്നുകൊടുക്കാൻ കഴിവുറ്റവരാക്കുകയും ചെയ്യുക. അതിനുള്ള ഒരു മഹാപ്രയത്നം ആയിട്ടാകണം നാം ഓരോ പ്രവർത്തനത്തെയും കാണേണ്ടത്.

ഗുരു ഒരിക്കൽ പറയുകയുണ്ടായി, ദൈവം എവിടെയിരിക്കുന്നു എന്ന് പോയി കണ്ടെത്തി ഇനിയുള്ളവരെയെല്ലാം അവിടെ കൊണ്ടെത്തിക്കാം എന്നൊന്നും വ്യാമോഹിക്കേണ്ട. അങ്ങനെയുള്ള ഒന്നല്ല ദൈവസങ്കൽപം; ദൈവം എന്ന അറിവിന്റെ ഭാഗവും. ഒരു പക്ഷേ ഒരു സൗരയൂഥത്തിന്റെയോ അല്ലെങ്കിൽ ഒരു പത്ത് സൗരയൂഥത്തിന്റെയോ കർമ്മം എന്ത് എന്ന് അറിഞ്ഞുവെന്ന് വരാം. ദൈവത്തിനെ സംബന്ധിച്ച അറിവിന്റെ ഭാഗം അതിന് എത്രയോ അകലെയാണ്. അതിനുമെത്രയോ അകലെയുള്ള ഒരു തലത്തിലാണ് ഗുരുമാർഗ്ഗം എത്തിച്ചേരുന്നത്.

മനസാവാചാകർമ്മണാ എന്നൊന്നുണ്ടല്ലോ. മനസുകൊണ്ട് നാം ചിന്തിക്കുമ്പോൾത്തന്നെ അവിടെ ഒരു കർമ്മം ഉണ്ടാകുന്നു. മഹാത്മാക്കൾ കർമ്മം ചെയ്യുന്ന ഭൂമിക അതാണ്. അതായത് അവരുടെ സങ്കൽപം കൊണ്ട് ഒരു കർമ്മം ആ ലോകത്ത് വരുത്തിയെടുക്കാൻ അവർക്കു സാധിക്കും. ഒരു സങ്കൽപശക്തിയെന്നാൽ മനസ്സിന്റെ ഒരു ശക്തിവിശേഷമാണ്.അഥവാ ജീവാത്മാവ് ആർജിച്ചെടുക്കുന്ന കർമവിശേഷമാണ്. ഇതു മഹാത്മാക്കളെ സംബന്ധിച്ച കാര്യം. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം നമ്മുടെ പ്രാർത്ഥനകൊണ്ട് ജീവൻ എത്ര ഉയർന്നിട്ടുണ്ടോ ആ ജീവന്റെ അറിവ് എവിടം വരെ എത്തിയിട്ടുണ്ടോ അഥവാ ഏതു പ്രകാശതലം വരെ എത്തിയിട്ടുണ്ടോ അവിടെവരെ ആ സങ്കൽപത്തെ എത്തിക്കാൻ കഴിയും.

നമ്മളെ ഒരാൾ ഉപദ്രവിക്കും എന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടെങ്കിൽ നേരിൽ കാണുമ്പോൾ നമ്മൾ അയാളെ വാക്കുകൊണ്ട് ഭത്സിക്കും. അത് അയാളെ വേദനിപ്പിക്കും. അപ്പോൾ അയാൾ ദൈവമേ എന്നു വിളിക്കും. ഇതു ഭയംകൊണ്ടാണ്. ഈ ഭയം നമ്മുടെ ജീവന്റെ ഒരു കർമഗതിയായി ഭവിക്കും. ഇതാണ് കർമസിദ്ധാന്തം. ഈ സത്യത്തിൽ നിന്നൊന്ന് രക്ഷപ്പെടാൻ പ്രപഞ്ചത്തിലെ ഒരു ശക്തിക്കും സാധ്യമല്ല. മതവിശ്വാസിക്കോ മതമില്ലാത്ത വിശ്വാസിക്കോ കഴിയില്ല. പ്രകൃതിയിലേക്ക് താൻ വിടുന്ന കർമ്മം തന്നെത്തന്നെ പിടികൂടും എന്ന് ഗുരു പറയുന്നത് ഇതിനെയാണ്. ഈ പ്രകൃതി നമ്മെ പിടിച്ചു ചുഴറ്റിക്കളയുക തന്നെ ചെയ്യും. അങ്ങനെ നമുക്ക് കർമം ഇല്ലാതെ വരും. അങ്ങനെ സംഭവിക്കാതിരിക്കാൻ നമ്മൾ കർമം ചെയ്ത് പുണ്യം സമ്പാദിച്ചുകൊള്ളണം. നമ്മുടെ ജീവനെ ഉയർത്തിക്കൊണ്ടു വരാനുള്ള ബലം അങ്ങനെ മാത്രമേ കിട്ടൂ.

# കാരുണ്യ പദ്ധതി ജൂൺ 17 വരെ

**കോലിയക്കോട്:** കേരള സർക്കാറിന്റെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ആദ്യ ഘട്ട രജിസ്ട്രേഷൻ ജൂൺ 17 വരെ നടക്കുന്നു. താഴെ പറയുന്ന കേന്ദ്രങ്ങളിൽ രാവിലെ 9.30 മുതൽ വൈകിട്ട് 5 വരെ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ജൂൺ 5 വരെ ആലിയാട്, കോലിയക്കോട്, കള്ളിക്കാട്, പുലന്തറ, ശാന്തിഗിരി, തീപ്പുകൽ, കുന്നിട എന്നീ വാർഡുകളിൽ ഉൾപ്പെട്ടവർക്ക് കോലിയക്കോട് ഗവ. യു.പി.എസിൽ വച്ച് രജിസ്ട്രേഷൻ നടത്താവുന്നതാണ്. ജൂൺ 6 മുതൽ 11 വരെ പിരപ്പൻകോട് പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ വച്ച് മാണിക്കൽ, മൂളയം, തൈക്കാട്, പിരപ്പൻകോട്, കുതിരകുളം, തലയൽ, വേളാവൂർ എന്നീ വാർഡുകളിലുള്ളവർക്ക് രജിസ്ട്രേഷൻ ചെയ്യാം. ജൂൺ 12 മുതൽ 17 വരെ ഇടത്തറ, ചിറത്തലയ്ക്കൽ, വെമ്പായം, കട്ടക്കൽ, കൊപ്പം, അണ്ണൽ, പ്ലാക്കീഴ് എന്നീ വാർഡുകളിലെ രജിസ്ട്രേഷൻ കൊപ്പം എൽ.പി.എസിൽ വച്ചും നടക്കും.

നിലവിൽ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബത്തിലെ ഏതെങ്കിലും ഒരംഗം പഴയ ഇൻഷുറൻസ് കാർഡ്, റേഷൻ കാർഡ്, ആധാർ എന്നിവ ഹാജരാക്കി 50 രൂപ അടച്ച് രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.

ഇൻഷുറൻസ് പുതുക്കാൻ വരുന്ന ആളിന്റെ ആധാർ കാർഡാണ് കൊണ്ടുവരേണ്ടത്.



*പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മാതൃഭൂമി ന്യൂസ് ചാനലിൽ സംപ്രേഷണം നടത്തുന്ന പരിപാടിയുടെ ചിത്രീകരണം ശാന്തിഗിരി വിദ്യാഭവനിൽ നടന്നപ്പോൾ*

# ജനനി കൃപ ജ്ഞാനതപസ്വിനി പുതിയ പ്രിൻസിപ്പാൾ

**എജ്യുക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിലെ പുതിയ പ്രിൻസിപ്പാളായി ജനനി കൃപ ജ്ഞാനതപസ്വിനിയെ നിയോഗിക്കാൻ മെയ് 27ന് നടന്ന ആശ്രമം ഡയറക്ടർ ബോർഡ് തീരുമാനിച്ചു. ശാന്തിഗിരി സോഷ്യൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അധികചുമതല കൂടി ജനനിക്ക് ഉണ്ടായിരിക്കും.



*ജനനി കൃപ ജ്ഞാനതപസ്വിനി*

# പുതിയ കോഴ്സുകൾ

**തിരുവനന്തപുരം:** കേരള യൂണിവേഴ്സിറ്റി പുതിയ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുന്നു. ഏഴ് പുതിയ കോഴ്സുകളാണ് യൂണിവേഴ്സിറ്റി കാര്യവട്ടം ക്യാമ്പസ്സിൽ തുടങ്ങുന്നത്. എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ, എം.എസ്.സി. ബയോഡൈവേഴ്സിറ്റി കൺസർവേഷൻ, എം.എ. വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, എം.എ. മലയാളം-കേരള പഠനം, മാധ്യമ പഠനം, എം.എസ്.സി. അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഡാറ്റാ അനാലിസിസ്, എം.എസ്.സി. ഡാറ്റാ സയൻസ് എന്നീ കോഴ്സുകളാണ് ഈ വർഷം ആരംഭിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് യൂണിവേഴ്സിറ്റി വെബ്സൈറ്റ് സന്ദർശിക്കുക.



*ശാന്തിഗിരി ജംഗ്ഷനിൽ വി.മുരുകൻ നിർമ്മിക്കുന്ന ഭവനത്തിന്റെ തറക്കല്ലിടൽ കർമ്മം മെയ് 29ന് സ്വാമി മഹിതൻ ജ്ഞാനതപസ്വി നിർവഹിക്കുന്നു*




## മാമ്പഴ വിൽപ്പന തുടരുന്നു

**അഗ്രിക്കൾച്ചർ സോൺ :** അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റിൽ നിന്നും സ്വാദിഷ്ടമായ മാമ്പഴം വിൽപ്പന തുടരുന്നു. ആവശ്യക്കാർ ബന്ധപ്പെടുക. 8111882366

## വിദ്യാർത്ഥികൾക്ക് ഡിസ്കൗണ്ട്

**റിസർച്ച്സോൺ :** സ്കൂൾ തുറക്കുന്നതിനോടനുബന്ധിച്ച് ശാന്തിഗിരി ഷോപ്പിംഗ്മാളിൽ വിദ്യാർത്ഥികൾക്കാവശ്യമായ സാധനങ്ങൾ പ്രത്യേക ഡിസ്കൗണ്ട് നിരക്കിൽ ലഭിക്കും. വിവിധ കമ്പനികളുടെ ബാഗ്, കുട,ഷൂസ്, പഠനോപകരണങ്ങൾ തുടങ്ങിയവ വമ്പിച്ച വിലക്കുറവിൽ വാങ്ങാവുന്നതാണ്.

## നിര്യാതനായി



ബി.എൽ ഗുരുമിത്രൻ

**പോത്തൻകോട്:** ശാന്തിപുരം വിശാഖത്തിൽ ബാഹുലേയൻ -ലീജ ദമ്പതിമാരുടെ മകൻ ബി.എൽ ഗുരുമിത്രൻ (14) മെയ് 29 ന് നിര്യാതനായി. സഹോദരൻ വിശാഖ്.



*മുഖ്യമന്ത്രി നൽകിയ ഇഫ്താർ വിരുന്നിൽ നിന്ന്*

# കാർഷിക പ്രവർത്തനവുമായി ശാന്തിമഹിമ

**ഇൻഡസ്ട്രിയൽ സോൺ:** ആശ്രമം അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് ശാന്തിഗിരി ശാന്തിമഹിമ പ്രവർത്തകർ കൃഷി ആരംഭിച്ചു. പാലോട്ടുകോണത്തെ ആശ്രമസ്ഥലത്താണ് കൃഷി തുടങ്ങിയത്. ആദ്യഘട്ടമായി മഞ്ഞൾ കൃഷിയാണ് നടത്തിയത്. അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റ് ഇൻചാർജ് സ്വാമി ജനമോഹനൻ ജ്ഞാന തപസ്വി തിരുവനന്തപുരം റൂറൽ ഏരിയയിലെ പ്രവർത്തകർക്ക് കൃഷിയുടെ ബാലപാഠങ്ങൾ പകർന്നുനൽകി. ശാന്തിമഹിമ കോർഡിനേറ്റർ മനോജ് കുമാർ സി.പി കൃഷിക്ക് നേതൃത്വം നൽകി. സ്കൂൾ, കോളേജ് അവധി ദിവസങ്ങൾ കൃഷിക്കുവേണ്ടി മാറ്റിവെക്കാനും 'കൃഷി-മണ്ണിനോടും മനുഷ്യനോടും ചെയ്യുന്ന നന്മ' എന്ന ആശയം മറ്റ് ഏരിയകളിലേക്ക് വ്യാപിപ്പിക്കാനും ശാന്തിമഹിമ തീരുമാനിച്ചിട്ടുണ്ട്.



*ശാന്തിമഹിമ പ്രവർത്തകർ കൃഷിയിടത്തിൽ*

# ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം

**റിസർച്ച് സോൺ :** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ പ്രതിമാസ പൊതുയോഗം ഇന്ന് രാവിലെ 7.30ന് റിസർച്ച് സോൺ കമ്മ്യൂണിറ്റി ഹാളിൽ നടക്കും.

ആശ്രമം വജ്രജൂബിലി ആഘോഷങ്ങളെക്കുറിച്ചും നവപൂജിതം ആഘോഷങ്ങളെക്കുറിച്ചും യോഗത്തിൽ സംസാരിക്കും. പരീക്ഷാവിജയം നേടിയ വിദ്യാർത്ഥികളുൾപ്പെടെ വിവിധ മേഖലകളിൽ മികവ് പുലർത്തിയവർക്ക് പുരസ്കാരം നൽകും. ജനനി സുപഥ ജ്ഞാനതപസ്വിനി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി എന്നിവർ പങ്കെടുക്കും.

# ജൂൺലക്കം വിപണിയിൽ









# വിവാഹിതരായി



വൈക്കം ആറാട്ടുകുളങ്ങര ശ്രുതിയിൽ സി.കെ ഭരതന്റെയും ജലജകുമാരിയുടെയും മകൻ രാഹുൽ ഭരതനും പത്തനംതിട്ട വെൺകുറിഞ്ഞി പായിക്കാട്ട് ഷാജി പി.പിയുടെയും ജയമോൾ എം.കെയുടെയും മകൾ ദയ പി.എസും 2019 മെയ് 28 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.

# സീറ്റ് ഒഴിവ്

ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിൽ പ്ലസ് വണ്ണിന് വിവിധ ബാച്ചുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ബന്ധപ്പെടേണ്ട നമ്പർ:9249455495, 9946859650.

# സംസ്ഥാന പരിസ്ഥിതി സമ്മേളനത്തിൽ ശാന്തിഗിരി വിദ്യാഭവനും

**എറണാകുളം:** ജൂൺ 15ന് മലയാള മനോരമ സംഘടിപ്പിക്കുന്ന സംസ്ഥാന പരിസ്ഥിതി സമ്മേളനത്തിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളും പങ്കെടുക്കുന്നു. പരിസ്ഥിതി രംഗത്തെ മികച്ച പ്രവർത്തനങ്ങളെ മുൻനിർത്തി തിരുവനന്തപുരം ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത അഞ്ച് സ്കൂളുകളിലൊന്നാണ് ശാന്തിഗിരി വിദ്യാഭവൻ.

സമ്മേളനത്തിന്റെ ഉദ്ഘാടനം സംസ്ഥാന വിദ്യാഭ്യാസ മന്ത്രി സി രവീന്ദ്രനാഥ് നിർവ്വഹിക്കും.

ഈ ലോകം.. ഇവിടെ ചില മനുഷ്യർ

വാമനപുരം മണി






ഗുരുചരണം ശരണം

- ഓൺലൈൻ സേവനങ്ങൾ
- പാൻകാർഡ്
- പാസ്പോർട്ട്
- വാഹന ഇൻഷ്വറൻസ്
- സ്റ്റാർ ഹെൽത്ത് ഇൻഷ്വറൻസ്
- ഡി.റ്റി.എച്ച്. കണക്ഷൻ
- പി.എസ്.സി. രജിസ്ട്രേഷൻ
- എസ്.എസ്.സി. രജിസ്ട്രേഷൻ



കൃപ മൊബൈൽസ്

പൂലന്തറ ജംഗ്ഷൻ, ശാന്തിഗിരി പി.ഒ.

ഫോൺ : 9037307031



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala